**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 562** **13-10-2026-ൽ മറുപടിയ്ക്ക്**

**തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ ജനവാസ മേഖലയിലൂടെ കടന്നുപോകുന്ന ത്രീ ഫേസ് എൽടി ലൈൻ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി .എം. എ. സമീർ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട തിരൂരങ്ങാടി കെ.എസ്.ഇ.ബി. സെക്ഷന് കീഴിലുള്ളതും കൊടിഞ്ഞി അൽ അമീൻ നഗറിൽ ഊർപ്പായി റോഡിൽ നിന്നും ആരംഭിക്കുന്നതുമായ ജനവാസ മേഖലയിലൂടെയുള്ള ത്രീ ഫേസ് എൽടി ലൈൻ അപകടരഹിതമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികളെന്തെല്ലാം; വിശദമാക്കാമോ;

**മറുപടി:** തിരൂരങ്ങാടി നിയോജക മണ്ഡലത്തിന് കീഴിൽ വരുന്നതും തിരൂരങ്ങാടി സെക്ഷൻ പരിധിയിലുമായ നന്നമ്പ്ര പഞ്ചായത്തിലെ കൊടിഞ്ഞി അൽ അമീൻ നഗർ ഊർപ്പായി റോഡിൽ നിന്നും ആരംഭിച്ച് (Post No: AN-28/2) ജനവാസ മേഖലകളിലൂടെ കടന്ന് പോവുന്ന ത്രീ ഫേസ് LT ലൈൻ നിലവിൽ കവചിതമല്ലാത്ത കമ്പി ഉപയോഗിച്ചാണ് വലിച്ചിട്ടുള്ളത് . പ്രസ്തുത ലൈൻ ഇടതൂർന്ന തെങ്ങിൻ തോട്ടത്തിലൂടെയും കവുങ്ങിൻ തോട്ടത്തിലൂടെയുമാണ് കടന്നുപോവുന്നത്. പ്രസ്തുത ലൈനിലെ ടച്ചിങ്ങുകൾ എല്ലാം എടുത്ത് Pre monsoon Maintenance നടത്തിയിട്ടുണ്ട് .

**(ബി)** പ്രദേശത്തുകൂടി നടന്ന പോകുന്ന വിദ്യാർത്ഥികൾക്കും മറ്റും മുൻപ് വൈദ്യുതി ഷോക്ക് ഉണ്ടായിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്കും കെ.എസ്.ഇ.ബി. ചെയർമാനും എം.എൽ.എ. നൽകിയ പരാതികളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

**മറുപടി:** പ്രസ്തുത OH ലൈൻ ABC ലൈനാക്കി മാറ്റുന്നതിന് വേണ്ടി Dyuthi Special Package(2024-25)-ൽ ഉൾപ്പെടുത്തുകയും (Work Code: CW-6578-202425-89) ഇതിന് ഭരണാനുമതിയും സാങ്കേതിക അനുമതിയും ലഭിച്ചിട്ടുള്ളതുമാണ്. ടെൻഡർ നടപടികൾക്ക് അനുമതി ലഭിക്കുന്ന മുറയ്ക്ക് ഈ പ്രവൃത്തി ചെയ്യുന്നതും ടി പ്രദേശത്തെ അപകടാവസ്ഥ പരിഹരിക്കാവുന്നതാണ്. ഈ പ്രദേശത്തിന്റെ തൊട്ടടുത്ത വിദ്യാനഗർ, സെൻട്രൽ ബസാർ എന്നീ ട്രാൻസ്ഫോർമറുകൾക്ക് കീഴിൽ വരുന്ന OH ലൈനുകൾ എല്ലാം തന്നെ 2025-26 സാമ്പത്തിക വർഷത്തിൽ ABC ലൈനാക്കിയിട്ടുണ്ട് എന്ന വിവരം കൂടി അറിയിക്കുന്നു.

**(സി)** ഈ അടിയന്തര സാഹചര്യമുള്ള പ്രവർത്തി എന്നേക്ക് പൂർത്തീകരിക്കുമെന്ന് വിശദമാക്കാമോ;

**മറുപടി:** 31-10-2026-ന് മുൻപ് പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**(ഡി)** തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ പരപ്പനങ്ങാടി, തിരൂരങ്ങാടി, വെന്നിയൂർ, എടരിക്കോട് കെ.എസ്.ഇ.ബി. സെക്ഷനുകൾക്ക് കീഴിൽ സമാന സ്വഭാവം ഉള്ള മറ്റു പ്രവർത്തികൾ ഉള്ളതായി ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**മറുപടി:** ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സെക്ഷൻ ഓഫീസർ**